പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 3998

31.01.2014 ൽ
മറുപടിയ്ക്ക്

അമ്പലപ്പുഴ ഐ.ടി. പാർക്ക്

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ ; | മറുപടി<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| എ) അമ്പലപ്പുഴ മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കാമോ ; | എ) അമ്പലപ്പുഴയിലെ പുറക്കാട് വില്ലേജിലെ ഗാന്ധിസ്മൃതി വനത്തിൽപ്പെടുന്ന 100 ഏക്കർ സ്ഥലത്ത് തുടങ്ങാനുദ്ദേശിച്ചിരുന്ന ഐ.ടി. പാർക്ക് ബയോഡൈവേഴ്സിറ്റി ബോർഡ് ചില പാരിസ്ഥിക പ്രശ്നങ്ങൾ ഉന്നയിച്ചത് കാരണം തുടങ്ങാനായിട്ടില്ല. |
| ബി) തോട്ടപ്പള്ളിയിൽ അമ്പലപ്പുഴ താലൂക്കിലെ പുറക്കാട് വില്ലേജിൽ ഐ.ടി. പാർക്ക് സ്ഥാപിക്കാൻ ഉത്തരവായിട്ടുണ്ടോ ; പദ്ധതി ഇതുവരെ നടപ്പാക്കാൻ കഴിയാത്തതിന് കാരണം വ്യക്തമാക്കാമോ ; | (ബി) യും (സി) യും<br><br>ഉണ്ട്. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 4(1) വിജ്ഞാപനം ജില്ലാ കളക്ടർ പുറപ്പെടുവിച്ചു. എന്നാൽ ആദ്യം പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന സ്ഥലത്തും പിന്നീട് തോട്ടപ്പള്ളിയിൽ നിർദ്ദേശിച്ചിരുന്ന സ്ഥലത്തും പാർക്കുകൾ നിർമ്മിക്കുന്നതിന് ഭീമമായ തുക വേണ്ടിവരുമെന്ന് കണ്ടെത്തി. അതിനാൽ ഇപ്പോൾ മേൽ നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. |
| സി) അമ്പലപ്പുഴ മണ്ഡലത്തിലെ ഐ.ടി. പാർക്ക് യാഥാർത്ഥ്യമാക്കുവാൻ എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ